ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 29.10.2025** **TIME : 06.30 PM**

### പ്രധാന വാർത്തകൾ

1) കപ്പൽ നിർമ്മാണത്തിൽ പുതിയ ഉയരങ്ങളിലെത്താനുള്ള ശ്രമങ്ങൾ ഇന്ത്യ ത്വരിതപ്പെടുത്തുകയാണെന്ന് മാരിടൈം ലീഡേഴ്സ് കോൺക്ലേവിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.
2) സാമൂഹിക ക്ഷേമ പെൻഷൻ 2,000 രൂപയായി വർദ്ധിപ്പിച്ച് സംസ്ഥാന സർക്കാർ. 1,000 രൂപയുടെ സ്ത്രീ സുരക്ഷാ പെൻഷൻ സംസ്ഥാനത്ത് നടപ്പാക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. . ആശാ, അങ്കണവാടി പ്രവർത്തകരുടെ ഓണറേറിയത്തിലും ആയിരം രൂപയുടെ വർധന .
3) തീവ്ര വോട്ടർ പട്ടികാ പരിഷ്കരണവുമായി ബന്ധപ്പെട്ട് ആശങ്ക വേണ്ടെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ. വിഷയത്തിൽ നവംബർ 5 ന് സർവകക്ഷിയോഗം വിളിച്ചു ചേർക്കാനൊരുങ്ങി സംസ്ഥാന സർക്കാർ.
4) സംസ്ഥാനത്ത് എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി പരീക്ഷാ തിയതികൾ പ്രഖ്യാപിച്ചു. എസ്.എസ്.എൽ.സി പരീക്ഷ മാർച്ച് 5 ന് ആരംഭിക്കും,
5) ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള ട്വന്റി 20 പരമ്പരയിലെ ആദ്യ മത്സരം മഴ മൂലം ഉപേക്ഷിച്ചു.

## പ്രധാനമന്ത്രി മാരിടൈം

കപ്പൽ നിർമ്മാണത്തിൽ പുതിയ ഉയരങ്ങളിലെത്താനുള്ള ശ്രമങ്ങൾ ഇന്ത്യ ത്വരിതപ്പെടുത്തുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യയുടെ വളർച്ചയെ നയിക്കുന്നത് സമുദ്ര മേഖലയാണെന്നും മുംബൈയിൽ മാരിടൈം ലീഡേഴ്സ് കോൺക്ലേവിനെ അഭിസംബോധന ചെയ്തുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു. വ്യാപാര, തുറമുഖ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് കഴിഞ്ഞ 10 വർഷത്തിനിടെ സമുദ്രമേഖല ഗണ്യമായ പരിവർത്തനത്തിന് വിധേയമായതായി അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ ഷിപ്പിംഗ് മേഖലയിൽ പ്രവർത്തിക്കുന്നതിനുള്ള മികച്ച സമയമാണിതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

## മുഖ്യമന്ത്രി ഇൻട്രോ

സംസ്ഥാനത്ത് സാമൂഹിക ക്ഷേമ പെൻഷൻ 1,600 രൂപയിൽ നിന്നും 2,000 രൂപയായി വർദ്ധിപ്പിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. പാവപ്പെട്ട കുടുംബങ്ങളിൽ നിന്നുള്ള 35 നും 60 നുമിടയിൽ പ്രായമുള്ള അർഹരായ സ്ത്രീകൾക്ക് പ്രതിമാസം 1000 രൂപ സ്ത്രീ സുരക്ഷാ പെൻഷൻ അനുവദിക്കുമെന്നും മുഖ്യമന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പ്രതിമാസ ഓണറേറിയം 1,000 രൂപ വീതം വർധിപ്പിച്ചു. ആശമാരുടെ ഓണറേറിയത്തിലും 1,000 രൂപ വർധന വരുത്തിയിട്ടുണ്ട്.

(ഹോൾഡ്)

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും 4 ശതമാനം ഡിഎ കുടിശ്ശിക നവംബറിലെ ശമ്പളത്തിനൊപ്പം നൽകുമെന്നും മുഖ്യമന്ത്രി അറിയിച്ചു. ശമ്പള പരിഷ്കരണ കുടിശ്ശികയുടെ മൂന്നും നാലും ഗഡു ഈ സാമ്പത്തിക വർഷം തന്നെ അനുവദിക്കും. ഗസ്റ്റ് ലക്ചറർമാരുടെ പ്രതിമാസ വേതനവും 2,000 രൂപ വർദ്ധിപ്പിച്ചു. റബ്ബറിൻറെ താങ്ങുവില 180 ൽ നിന്ന് 200 രൂപയായും, നെല്ലിൻറെ സംഭരണ വില 30 രൂപയായും ഉയർത്തി. നവംബർ 1 മുതൽ ഇത് പ്രാബല്യത്തിൽ വരുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

**സിഎം എസ്ഐആർ**

തീവ്ര വോട്ടർ പട്ടിക പരിഷ്കരണം സംബന്ധിച്ച തുടർ നടപടികൾ ആലോചിക്കുന്നതിനായി സർവകക്ഷി യോഗം വിളിച്ച് സംസ്ഥാന സർക്കാർ. നവംബർ 5ന് വൈകുന്നേരം 4 മണിക്കാണ് യോഗം. പി.എം ശ്രീ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് വിലയിരുത്തലിനായി വിദ്യാഭ്യാസ മന്ത്രി വി ശിവൻ കുട്ടിയുടെ നേതൃത്വത്തിൽ ഏഴംഗ മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചതായും മുഖ്യമന്ത്രി അറിയിച്ചു. ഉപസമിതി റിപ്പോർട്ട് ലഭിക്കുന്നത് വരെ സംസ്ഥാനത്ത് പി എം ശ്രീ നടപ്പാക്കുന്ന കാര്യങ്ങളുമായി മുന്നോട്ട് പോകില്ലെന്ന് കേന്ദ്ര സർക്കാരിനെ കത്ത് മുഖേന അറിയിക്കുമെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ (ഇൻട്രോ)**

തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണം സംബന്ധിച്ച് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ തിരുവനന്തപുരത്ത് രാഷ്ട്രീയ പാർട്ടികളുമായി ചർച്ച നടത്തി. ദേശീയ,സംസ്ഥാന രാഷ്ട്രീയകക്ഷികളുടെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.......**

**(ഹോൾഡ് - വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

**ശിവൻകുട്ടി intro**

എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി പരീക്ഷാ തിയതികൾ പ്രഖ്യാപിച്ച് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. എസ്.എസ്.എൽ.സി പരീക്ഷ 2026 മാർച്ച് 5 മുതൽ 30 വരെ നടക്കും. 4 ലക്ഷത്തി 25,000 കുട്ടികളാണ് ഇത്തവണ പരീക്ഷ എഴുതുന്നത്.മേയ് 8 നായിരിക്കും ഫലപ്രഖ്യാപനം. ഒന്നാം വർഷ ഹയർ സെക്കന്ററി/ VHSE പരീക്ഷകൾ മാർച്ച് 5 മുതൽ 27 വരെയും, രണ്ടാം വർഷ പരീക്ഷകൾ മാർച്ച് 6 മുതൽ 28 വരെയും നടക്കും.

(വോയിസ് - മന്ത്രി-വി.ശിവൻകുട്ടി)

❁❁❁❁❁❁❁❁❁❁❁❁❁

**നെല്ല് സംഭരണം**

നെല്ല് സംഭരണം സുഗമമാക്കാൻ സർക്കാരും മില്ലുടമകളും തമ്മിൽ ധാരണയായി. മില്ലുടമകൾക്ക് 2022-23 സംഭരണ വർഷം നൽകാനുള്ള നഷ്ടപരിഹാര തുകയായ 63.37 കോടി രൂപ അനുവദിക്കുന്ന കാര്യം മന്ത്രിസഭ പരിഗണിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ മില്ലുടമകളുടെ യോഗത്തിൽ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**അൻപ് ക്യാമ്പയിൻ**

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരെ സമൂഹത്തിൻ്റെ മുഖ്യധാരയിലെത്തിക്കാൻ ലക്ഷ്യമിട്ട് സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പ്രത്യേക പ്രചാരണ പരിപാടി അൻപിന് സംസ്ഥാനത്ത് തുടക്കമായി. ആദ്യഘട്ടത്തിൻ്റെ ഉദ്ഘാടനം മന്ത്രി ആർ.ബിന്ദു തിരുവനന്തപുരത്ത് നിർവ്വഹിച്ചു. തീവ്ര ഭിന്നശേഷിയുള്ള കുട്ടികളുടെ കുടുംബങ്ങൾക്ക് ഒന്നിച്ചു താമസിക്കുന്നതിനുള്ള അസിസ്റ്റീവ് വില്ലേജുകൾ സംസ്ഥാനത്ത് നാല് ഇടങ്ങളിൽ ഒരുക്കുന്നതിനായി പ്രാരംഭ നടപടി ആരംഭിച്ചതായി മന്ത്രി ചടങ്ങിൽ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## ശബരിമല - വി.എൻ വാസവൻ

ശബരിമലയിലെ ഈ വർഷത്തെ മണ്ഡല-മകരവിളക്ക് തീർഥാടനത്തിനുള്ള ഒരുക്കങ്ങൾ ദ്രുതഗതിയിൽ പൂർത്തിയാക്കണമെന്ന് മന്ത്രി വി.എൻ വാസവൻ. ഈ വർഷം കൂടുതൽ തീർത്ഥാടകർ എത്തിച്ചേരും എന്ന നിലയിൽ വേണം ക്രമീകരണങ്ങൾ മുന്നോട്ടുകൊണ്ടു പോകേണ്ടതെന്ന് അദ്ദേഹം പറഞ്ഞു. തീർത്ഥാടന മുന്നൊരുക്കങ്ങൾ വിലയിരുത്താനായി സെക്രട്ടേറിയേറ്റ് ദർബാർഹാളിൽ ചേർന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

❋❋❋❋❋❋❋❋❋❋❋❋❋

## നെടുമ്പാശ്ശേരി റെയിൽവേ സ്റ്റേഷൻ

നെടുമ്പാശ്ശേരി എയർപോർട്ട് റെയിൽവേ സ്റ്റേഷൻ നിർമാണത്തിന് കേന്ദ്ര റെയിൽവേ ബോർഡിൻ്റെ അനുമതി. സ്റ്റേഷനു വേണ്ടിയുള്ള നടപടികൾ വേഗത്തിലാക്കുമെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ഉറപ്പ് നൽകിയിരുന്നതായി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ അറിയിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

## ജോർജ്ജ് കുര്യൻ

കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ നാളെ കാസർഗോഡ് ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും.

തളങ്കര തുറമുഖം സന്ദർശിച്ച ശേഷം അദ്ദേഹം കേന്ദ്ര സർവകലാശാലയുടെ പുതിയ അക്കാദമിക് ബ്ലോക്കിൻ്റെ ശിലാസ്ഥാപന ചടങ്ങും നിർവ്വഹിക്കും. അഞ്ചാമത് ദേശീയ മറൈൻ ഫിഷറീസ് സെൻസസിന്റെ പ്രധാന ഭാഗമായ ഭവനതല വിവരശേഖരണത്തിന്റെ ഔദ്യോഗിക ഉദ്ഘാടനവും കേന്ദ്രസഹമന്ത്രി മറ്റന്നാൾ കൊച്ചി സിഎംഎഫ്ആർഐ യിൽ നിർവഹിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**കൂട്ടയോട്ടം**

രാഷ്ട്രീയ ഏകതാ ദിനത്തോടനുബന്ധിച്ച് കേരള പോലീസ് മറ്റന്നാൾ സംസ്ഥാനത്തുടനീളം റൺ ഫോർ യൂണിറ്റി സംഘടിപ്പിക്കുന്നു. സർദാർ വല്ലഭായി പട്ടേലിൻ്റെ ആശയത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് രാജ്യത്തിൻ്റെ ഐക്യവും അഖണ്ഡതയും ഉറപ്പാക്കുന്നതിനുള്ള പ്രതിബദ്ധത പൊതുജനങ്ങളിൽ ഊട്ടിയുറപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കൂട്ടയോട്ടം സംഘടിപ്പിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

**ആറാട്ട്**

തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ അൽപശി ഉത്സവത്തോടനുബന്ധിച്ചുള്ള പള്ളിവേട്ട ഇന്ന് രാത്രി നടക്കും.നാളെയാണ് പ്രധാന ചടങ്ങായ ആറാട്ട്.

ആറാട്ട് ഘോഷയാത്ര നടക്കുന്നതിനാൽ നാളെ വൈകുന്നേരം 4.45 മുതൽ രാത്രി 9 വരെ തിരുവനന്തപുരം വിമാനത്താവളത്തിൽ വിമാന സർവീസുകൾക്ക് നിയന്ത്രണമുണ്ടാകും. നഗരത്തിൽ നാളെ വൈകുന്നേരം 3 മുതൽ രാത്രി 10 വരെ ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

**ഇന്ത്യ- ഓസ്ട്രേലിയ ടി20**

ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള ട്വന്റി 20 പരമ്പരയിലെ ആദ്യ മത്സരം മഴ മൂലം ഉപേക്ഷിച്ചു. കാൻബറയിൽ നടന്ന മത്സരത്തിൽ ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനെത്തിയ ഇന്ത്യ 9.4 ഓവറിൽ ഒന്നിന് 97 എന്ന നിലയിൽ നിൽക്കെയാണ് മത്സരം റദ്ദാക്കിയത്. പരമ്പരയിലെ രണ്ടാം മത്സരം മറ്റന്നാൾ മെൽബണിൽ നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**മഴ**

സംസ്ഥാനത്ത് ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. 5 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കർണാടക തീരത്ത് ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

**ജലവിതരണം മുടങ്ങും**

ജല അതോറിറ്റിയുടെ പി ടി പി നഗർ ജല ശുദ്ധീകരണ ശാലയിലേക്ക് കുണ്ടമൺകടവിൽ നിന്നു വരുന്ന പമ്പിങ് ലയിനിലെ ചോർച്ച പരിഹരിക്കുന്നതിനായി അടിയന്തര അറ്റകുറ്റപ്പണി നടത്തുന്നതിനാൽ നാളെ വൈകിട്ട് മൂന്നുമണി വരെ തിരുവനന്തപുരം നഗരത്തിൽ ജലവിതരണം തടസ്സപ്പെടും. തിരുമല, കരമന സെക്ഷനുകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലാണ് ജലവിതരണം മുടങ്ങുക.

❁❁❁❁❁❁❁❁❁❁❁❁❁

**റോഷി അഗസ്റ്റിൻ**

സംസ്ഥാന ജലവിഭവ വകുപ്പിന്റെ ശ്രദ്ധേയ പദ്ധതിയാണ് ഭാരതപ്പുഴ-ബിയ്യം കായൽ സംയോജിത പദ്ധതിയെന്ന് മന്ത്രി റോഷി അഗസ്റ്റിൻ. പദ്ധതിയുടെ നിർമ്മാണോദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മന്ത്രി.

❁❁❁❁❁❁❁❁❁❁❁❁❁

**മന്ത്രി വി എൻ വാസവൻ**

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് റിസ്ക് ഫണ്ട് ധനസഹായമായി 28 കോടി രൂപ കൂടി അനുവദിച്ചതായി. മന്ത്രി വി എൻ വാസവൻ .ഈ സർക്കാർ അധികാരത്തിൽ എത്തിയതിനുശേഷം സഹകരണ വകുപ്പ് റിസക് ഫണ്ട് ധനസഹായമായി 464 കോടി രൂപയുടെ

ധനസഹായം നാളിതുവരെ അനുവദിച്ചതായും മന്ത്രി പറഞ്ഞു.